ത്തിൽനിന്ന് ചെക്കുകൾ മാറുന്നതിനുള്ള നിയന്ത്രണത്തിൽ നിന്ന് ഒഴിവാക്കിയതിനാൽ പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്. ആയതിനാൽ ചിറ്റൂർപ്പുഴ പദ്ധതിയിലെ കുന്നംകാട്ടുപതി കനാൽ പദ്ധതിയുടെ പ്രവർത്തിക്കുവേണ്ടി ചെക്ക് പണമാക്കി നൽകുന്നതിന് യാതൊരുവിധ ട്രഷറി വിലക്കുകളും നിലവിൽ ഇല്ലെന്നുള്ള വസ്തുത സഭയെ അറിയിക്കുന്നു.

(29) വെയർഹൗസിംഗ് കോർപ്പറേഷൻ ജീവനക്കാർക്ക് പെൻഷൻ

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പെൻഷൻ കൊടുക്കാതെ അവരുടെ വയസ് 55 ആയി ചുരുക്കുകയും പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുത്താതെ ഇരിക്കുകയും ചെയ്യുകയാണ്. മറ്റുള്ള എല്ലാ സ്ഥാപനങ്ങളിലും വയസ് 55 ആയി ചുരുക്കുകയും പെൻഷൻ ഏർപ്പെടുത്തുകയും ചെയ്തു. 55 വയസ്സ് ഉള്ളതിൽ പെൻഷൻ കൊടുക്കാത്ത ഏകസ്ഥാപനം വെയർ ഹൗസിംഗ് കോർപ്പറേഷൻ മാത്രമാണ്. ചുരുക്കം ആളുകളെ അതിലുള്ളൂ. അവർക്കു കൂടി പെൻഷൻ പദ്ധതി ഏർപ്പെടുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. വി. ജെ. തങ്കപ്പൻ): സർ, വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്കുകൂടി പെൻഷൻ നൽകണമെന്നുള്ള ഒരു നയപരമായ തീരുമാനം ഗവൺമെന്റ് മുമ്പെ എടുത്തിട്ടുണ്ട്. 55 വയസ്സും കേരള സർവ്വീസ് റൂൾസ് ബാധകമായിട്ടുള്ള മുഴുവൻ ജീവനക്കാർക്കും അവർ ഏത് സ്ഥാപനത്തിൽ ജോലി നോക്കുന്നുവെന്നുള്ളതു കണക്കിൽ എടുക്കാതെ പെൻഷൻ നൽകണമെന്നാണ് നയപരമായി ഗവൺമെന്റ് എടുത്ത തീരുമാനം. അതിനനുസൃതമായി പല വകുപ്പുകളും അവരുടേതായ പ്രൊപ്പോസലുകൾ ഗവൺമെന്റിലേക്ക് തന്നു. അതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് അത് വിശദമായി പരിശോധിച്ച് തീരുമാനം എടുക്കേണ്ട ഘട്ടം വന്നപ്പോൾ ആണ് തെരഞ്ഞെടുപ്പിന്റെ കേളികൊട്ട് തുടങ്ങിയത്. അത് തീരുമാനിക്കേണ്ടതിനുള്ള ഘട്ടം വന്നപ്പോഴാണ് കേന്ദ്ര ഇലക്ഷൻ കമ്മീഷന്റെ നിർദ്ദേശം വന്നത് ചില വിഭാഗം ആളുകൾക്കോ ജീവനക്കാർക്കോ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ കൊടുക്കുന്ന യാതൊരു പ്രഖ്യാപനങ്ങളും നടത്തരുത് എന്ന്. അതുകൊണ്ടാണ് അങ്ങനെയൊരു തീരുമാനം എടുത്ത് ഡിക്ലയർ ചെയ്യാൻ കഴിയാതെ പോയത്. നയപരമായി വെയർഹൗസിംഗ് കോർപ്പറേഷനിലെ ജീവനക്കാർക്കും പെൻഷൻ നൽകണമെന്നാണ് ഗവൺമെന്റ് എടുത്തിരുന്ന തീരുമാനം. ഇപ്പോൾ അത് പ്രഖ്യാപിക്കാൻ കഴിയാത്തത് ജീവനക്കാർക്കോ ഏതെങ്കിലും വിഭാഗം ആളുകൾക്കോ സൗജന്യങ്ങളോ ആനുകൂല്യങ്ങളോ കഴിഞ്ഞ മാസം 25-ാം തീയതിക്കുശേഷം പ്രഖ്യാപിക്കണമെന്ന നിർദ്ദേശം വന്നതുകൊണ്ടാണ്. അതുകൊണ്ട് പ്രഖ്യാപിക്കാൻ കഴിയുന്നില്ല.

ശ്രീ. കെ. കരുണാകരൻ: റൂൾ 304 കൊണ്ട് പ്രയോജനം ഇല്ലെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്. തെരഞ്ഞെടുപ്പ് വരുമ്പോൾ രാഷ്ട്രീയ പ്രചരണത്തിന് ഉപയോഗിക്കാമെന്നല്ലാതെ ഗവൺമെന്റിന് ഒന്നും ചെയ്യാൻ കഴിയുകയില്ല എന്ന് മന്ത്രി പറഞ്ഞ സാഹചര്യത്തിൽ ഇനി ഇത്തരത്തിലുള്ള നിവേദനങ്ങൾക്ക് അവസരം കൊടുക്കാതിരിക്കുകയാണ് നല്ലത്. സമയം പാഴാക്കിയിട്ട് കാര്യമില്ല.

LIBRARY ARCHIVES Kerala Legislative Assembly

വിദ്യുച്ഛക്തിയും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ): സർ, ഇന്നലെ ഇത്തരത്തിലുള്ള സബ്മിഷനുകൾ മെമ്പർമാരുടെ അവകാശമാണെന്നും അത് ഒരു തരത്തിലും നിഷേധിക്കരുതെന്നും അവിടെ നിന്ന് പറഞ്ഞതാണ്.

ശ്രീ. ആനത്തലവട്ടം ആനന്ദൻ: സർ, ഇത്തരത്തിൽ ഈ രാജ്യത്തിന്റെ മുഴുവൻ ഭരണവും ഇലക്ഷൻ കമ്മീഷന്റെ കയ്യിൽ ആയാൽ ഗവൺമെന്റും മറ്റ് ആളുകളുമൊന്നും വേണ്ട എന്നാണോ? ഈ പ്രഖ്യാപനം വന്നതിന്റെ ഫലമായിട്ട് അടുത്ത കാലത്ത് റിട്ടയർ ചെയ്യുന്ന ആളുകൾക്ക് ഇതിന്റെ ബെനിഫിറ്റ് കിട്ടാതാകും. അങ്ങനെ കിട്ടാതിരിക്കുന്നത് ശരിയാണോ?

മി. സ്പീക്കർ: ഞാൻ ഒരു കാര്യം വ്യക്തമാക്കാൻ ആഗ്രഹിക്കുകയാണ്. ഏത് പ്രഖ്യാപനവും ഈ സഭയിൽ ഗവൺമെന്റിന് നടത്താം. ഒരു തെരഞ്ഞെടുപ്പ് നിയമത്തിനും ഇത് ബാധകമല്ല. പക്ഷേ പ്രഖ്യാപനം നടത്താതിരിക്കുന്നതും നടത്തുന്നതും ഗവൺമെന്റിന്റെ കാര്യമാണ്. ഈ നിയമസഭയിൽ പ്രഖ്യാപനം നടത്തിയെന്ന് വിചാരിച്ച് ഒരു കാരണവശാലും അത് തെരഞ്ഞെടുപ്പ് ചട്ടങ്ങൾക്ക് ബാധകമാകുകയില്ല. പക്ഷേ പറയാതിരിക്കുന്നതും പറയുന്നതും ഗവൺമെന്റിന്റെ കാര്യം. ഞാൻ നിർബന്ധിക്കുകയില്ല.

ശ്രീ. കെ. കരുണാകരൻ: അത് ഗവൺമെന്റിന്. നടപ്പിലാക്കാൻ സാധിക്കുകയില്ലെങ്കിൽ പിന്നെ ആളുകളെ പററിക്കുന്ന പ്രഖ്യാപനം എന്തിനാണ്.

മി. സ്പീക്കർ: ഗവൺമെന്റിന് പ്രഖ്യാപിക്കാതിരിക്കുകയും ചെയ്യാം പ്രഖ്യാപിക്കുകയും. ചെയ്യാം തെരഞ്ഞെടുപ്പ് ചട്ടങ്ങളുടെ ലംഘനം ആണെന്ന് പറഞ്ഞ് സഭയിൽ പ്രഖ്യാപിക്കാതിരിക്കുന്നതാണ് തെറ്റ്.

ശ്രീ. കെ. എം. മാണി: സർ, റെപ്രസന്റേഷൻ ഓഫ് പീപ്പിൾസ് ആക്റ്റിന്റെയകത്ത് കറക്ടപ്രാക്ടീസ് കല്ലിടീൽ എന്ന് പറഞ്ഞിട്ടില്ല. പക്ഷേ ഒരു പ്രൊപ്രൈപറിയുടെ അടിസ്ഥാനത്തിൽ കോഡ് ഓഫ് കോണ്ടക്ടിന്റെ അടിസ്ഥാനത്തിലാണ് അത് വേണ്ട എന്ന് വയ്ക്കുന്നത്. അങ്ങനെയാണെങ്കിൽ കോഡ് ഓഫ് കോണ്ടക്ടിന്റെ അടിസ്ഥാനത്തിൽ ഈ നിയമസഭയിലും വാഗ്ദാനത്തിന് തുല്യമായ സ്റ്റേറ്റ്മെന്റുകൾ നടത്തുന്നത് ശരിയല്ല.

മി. സ്പീക്കർ: ഈ നിയമസഭയിൽ നിയമസഭാംഗങ്ങൾക്ക് റൂൾ 304 അനുസരിച്ച് ഗവൺമെന്റിന്റെ സ്റ്റാൻഡ് വ്യക്തമാക്കാം. പ്രാദേശിക പ്രശ്നങ്ങൾ ഉന്നയിക്കാം, ഗവൺമെന്റിന് മറുപടി പറയാം, പ്രഖ്യാപനം നടത്തുകയോ നടത്താതിരിക്കുകയോ ചെയ്യാം. പക്ഷേ അതൊന്നും തെരഞ്ഞെടുപ്പ് ചട്ടങ്ങളുമായി യാതൊരു വിധത്തിലും ബാധകമല്ല.

ശ്രീ. ടി. ശിവദാസമേനോൻ: സർ, ഇന്നലെ ഈ കാര്യങ്ങൾ വളരെ വിശദമായി ചർച്ച ചെയ്തതാണ്. അപ്പോൾ ശ്രീ. മാണി ഉണ്ടായിരുന്നില്ല.

ശ്രീ. ടി. എം. ജേക്കബ്: സർ, ഈ പറയുന്ന പ്രഖ്യാപനങ്ങളല്ലേ നാളെ പത്രത്തിൽ വരുന്നത്. അങ്ങ് പറഞ്ഞു നിയമസഭയിൽ പ്രൊട്ടക്ഷൻ ഉണ്ട് എന്ന്, ഞങ്ങൾ സമ്മതിക്കുന്നു. ഇവിടെ പറയുന്ന കാര്യങ്ങൾ നാളെ പത്രത്തിൽകൂടി ജനങ്ങൾക്ക് കിട്ടുകയില്ലേ. അങ്ങനെ വരുമ്പോൾ ഇത് ഇലക്ഷനെ ബാധിക്കുകയില്ലേ.

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: അതൊക്കെ ചെയ്യാതിരിക്കാനുള്ള പഴുതുകളാണ്, ചെയ്യുന്നതുകൊണ്ട് യാതൊരു കുഴപ്പവുമില്ല.

(30) റീട്ടെയിൽ റേഷൻ ഡീലേഴ്സ് അസോസിയേഷൻ പിക്കറ്റിംഗ്

ഡോക്ടർ എം. എ. കുട്ടപ്പൻ: സർ, നമ്മുടെ സംസ്ഥാനത്തെ റേഷൻ വ്യാപാരികളും തങ്ങളും ഉന്നയിച്ച ആവശ്യങ്ങളും നേടിയെടുക്കുന്നതിനുവേണ്ടി ഇന്ന് സെക്രട്ടേറിയറ്റ് പടിക്കൽ പിക്കറ്റിംഗ് നടത്തുകയാണ്. വില കുറഞ്ഞ നല്ലയിനം പുഴുക്കലരി വിതരണം ചെയ്യുക, കൃത്യമായ അളവിലും തൂക്കത്തിലും റേഷൻ സാധനങ്ങളും ലഭ്യമാക്കുക, പാമോയിൽ റേഷൻ കടകളിൽക്കൂടി മാത്രം വിതരണം ചെയ്യുക, മണ്ണെണ്ണ പൂർണ്ണതോതിൽ ലഭ്യമാക്കുക, കയറ്റുകൂലിയിൽ നിന്നും റേഷൻ വ്യാപാരികളെ ഒഴിവാക്കുക, ട്രാൻസ്പോർട്ടിംഗ് ചാർജ് ഏകീകരിക്കുക, സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥന്മാരുടെ അഴിമതി അവസാനിപ്പിക്കുക തുടങ്ങിയ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ടാണ് സമരം നടത്തുന്നത്. റേഷൻ വ്യാപാരികളും ഇന്ന് നേരിടുന്ന ഏറ്റവും വലിയ ബുദ്ധിമുട്ട്, ഹോൾസെയിൽ ഡിപ്പോയിൽ നിന്ന് റേഷൻ സാധനങ്ങളും എടുത്ത് ലോഡ് ചെയ്തു ട്രാൻസ്പോർട്ട് ചെയ്തു സ്വന്തം ഡിപ്പോയിൽ എത്തിക്കാനുള്ള ദുർവ്വഹമായ ചെലവാണ് അവരെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ ബുദ്ധിമുട്ട്. അതുകൊണ്ട് ഈ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിനും കുറവ് ചെയ്യുന്നതിനും ഗവൺമെന്റ് മുൻകൈ എടുക്കണം. ഇന്ന് അവർക്ക് നൽകിയിരിക്കുന്ന നാമമാത്രമായ കമ്മീഷൻ വർദ്ധനവുകൊണ്ട് അവർക്ക് പ്രയോജനം ലഭിക്കുകയില്ല. ഈ ദുർവ്വഹമായ ചെലവിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ വർദ്ധിപ്പിക്കുകയോ അതുമല്ലെങ്കിൽ ട്രാൻസ്പോർട്ടിംഗിനു വരുന്ന ചെലവ് കുറെ ഗവൺമെന്റ് വഹിക്കാൻ തയ്യാറാകുകയോ ചെയ്യണം. റേഷൻ വിതരണം ചെയ്യുന്ന ഏർപ്പാട് മാത്രമേ അവരെ ഏല്പിക്കാവൂ. തന്നേയുമല്ല 1966-ലെ കേരള റേഷനിംഗ് ഓർഡറിലെ 95 (2)-ാം വകുപ്പ് എന്ന കരിനിയമം ഭേദഗതി ചെയ്യണം. ഈ ആവശ്യങ്ങളും ഉന്നയിച്ചുകൊണ്ട് നടത്തുന്ന പിക്കറ്റിംഗിന്റെ അടിസ്ഥാനത്തിൽ നടപടിയെടുക്കണമെന്ന് ഗവൺമെന്റിനോട് അഭ്യർത്ഥിക്കുകയാണ്.

ക്ഷീരവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ നായർ): സർ, ഇതിൽ ചില കാര്യങ്ങളുംക്ക് സംസ്ഥാന ഗവൺമെന്റിന് പരിമിതിയുണ്ട്. നല്ല അരി വിതരണം ചെയ്യണമെന്നുപറഞ്ഞാൽ അത് എഫ്. സി. ഐ. ആണ് തരേണ്ടത്. ഏതായാലും സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെട്ടതനുസരിച്ച് വരുന്ന പഞ്ചമാസങ്ങളിലും ഓണക്കാലം വരെ നല്ല പുഴുക്കലരി കിട്ടുന്നതിനെക്കുറിച്ച് ചർച്ച ചെയ്യുന്നതിനായിട്ട് എഫ്. സി. ഐ.-യുടെ ചെയർമാനും മാനേജിംഗ് ഡയറക്ടറും നാളെ ഇവിടെ വരുന്നുണ്ട്. മോശമായ അരി വിതരണം ചെയ്യാൻ ഒക്കുകയില്ല എന്ന് അവരോട് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. പ്രത്യേകിച്ചും ഇനി വരാൻ പോകുന്നത് മഴക്കാലവും, പഞ്ചമാസവുമൊക്കെയാണ്. പഞ്ചസാരയുടെ കാര്യത്തിൽ വന്ന വൈഷമ്യം എന്താണെന്നുവച്ചാൽ ഇടക്കാലത്ത് ഡീസലിന്റെ വിഷമം വന്നപ്പോൾ ട്രാൻസ്പോർട്ട് മുഴുവൻ തകർച്ചയിലായി. ഇപ്പോൾ അത് റെക്ടിഫൈ ചെയ്തുകൊണ്ടിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly